KSFE

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**
**(ഒരു കേരള സർക്കാർ സ്ഥാപനം)**
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

24/07/2024

Ref No:12404

## സർക്കുലർ നമ്പർ 32/2024 (BD)

വിഷയം:- കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KADCO) നിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് SREG വിഭാഗത്തിൽ ഉൾപ്പെടുത്തി വിവിധ സ്കീമുകളിൽ ജാമ്യമായി സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന:- 05/07/2024 തീയതിയിലെ 579 - മത് ഡയറക്ടർ ബോർഡ് യോഗത്തിൽ എടുത്ത 10269 - ാം നമ്പർ തീരുമാനം.

സൂചന പ്രകാരം കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KADCO) മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് കമ്പനിയുടെ വിവിധ സ്കീമുകളിൽ ജാമ്യമായി സ്വീകരിക്കുന്നതിന് അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്.

കേരള സർക്കാർ വ്യവസായ വകുപ്പിന് കീഴിൽ, കഴിഞ്ഞ 10 വർഷമായി ലാഭത്തിൽ പ്രവർത്തിച്ച് വരുന്നതും 2021-22 സാമ്പത്തിക വർഷത്തിൽ നിർമ്മാണേതര വിഭാഗങ്ങളിൽ സർക്കാരിൽ നിന്ന് പുരസ്കാരം നേടിയതുമായ ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KADCO). പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ടാണ് ടി സ്ഥാപനത്തിലെ ജീവനക്കാരുടെ നിയമനം നടത്തുന്നത്. 58 വയസ്സാണ് വിരമിക്കൽ പ്രായം. നിലവിൽ 24 സ്ഥിരം ജീവനക്കാരാണ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്.

ഈ സർക്കുലർ തീയതി മുതൽ മേൽ പറഞ്ഞ സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റുകൾ SREG വിഭാഗത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ജാമ്യമായി സ്വീകരിക്കാവുന്നതാണ്.

1. ശമ്പള സർട്ടിഫിക്കറ്റിലും റിക്കവറി സർട്ടിഫിക്കറ്റിലും ഒപ്പിടേണ്ട മേലധികാരി KADCO മാനേജിംഗ് ഡയറക്ടറാണ്.
2. SREG ജീവനക്കാരെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും കാലാകാലങ്ങളിൽ SREG ജാമ്യ വ്യവസ്ഥകളിൽ വരുന്ന മാറ്റങ്ങളും ഈ സ്ഥാപനത്തിലെ മേൽ പറഞ്ഞ ജീവനക്കാർക്കും ബാധകമായിരിക്കും.
3. കെ.എസ്.എഫ്.ഇ നൽകുന്ന, ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരമുള്ള ശമ്പള സർട്ടിഫിക്കറ്റിന്റെ നിർദ്ദിഷ്ട ഫോറം കൃത്യമായി പൂരിപ്പിച്ച് വരിക്കാരൻ/ വായ്പക്കാരൻ/ ജാമ്യക്കാരൻ എന്നിവരുടെ ഒപ്പും, മാനേജിംഗ് ഡയറക്ടറുടെ പേര്, ഒപ്പ്, എന്നിവയും സഹിതം ഓഫീസ് സീൽ പതിപ്പിച്ചതിനു ശേഷമാണ് കെ.എസ്.എഫ്.ഇ യിൽ ജാമ്യത്തിനായി സമർപ്പിക്കേണ്ടത്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

**To:-** എല്ലാ ശാഖാ തലവന്മാർക്കും

പകർപ്പ്

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ